## ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.യ്ക്ക് നേരെയുണ്ടായ ആക്രമണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) :സർ, ഈ സഭയിൽ അംഗമായ കൊടുങ്ങല്ലൂർ എം.എൽ.എ., ശ്രീ. ടി. എൻ. പ്രതാപൻ ഇപ്പോൾ കൊടുങ്ങല്ലൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. അദ്ദേഹം ചികിത്സയിൽ കഴിയാനിടയായ സാഹചര്യം, ഇന്നലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ലീഡർ കെ. കരുണാകരന്റെ നാമധേയത്തിലുള്ള പുത്തൻചിറ സ്പിന്നിംഗ് മില്ലിന്റെ ഉദ്ഘാടനം നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി പങ്കെടുത്ത ചടങ്ങാണ്. അതിനുശേഷം അദ്ദേഹത്തിന്റെ വണ്ടിയിൽ നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി പുറപ്പെട്ട സമയത്ത് അവിടെ കൂടിയിരുന്ന എൽ.ഡി.എഫ്.-ന്റെയും സി.പി.ഐ (എം)-ന്റെ പ്രവർത്തകർ ഉൾപ്പെടെയുള്ള കുറച്ച് ആളുകൾ അദ്ദേഹത്തിന്റെ കാർ തകർക്കുകയും ശ്രീ. ടി. എൻ. പ്രതാപനെ ആക്രമിക്കുകയും ചെയ്തിരിക്കുകയാണ്. അക്രമത്തിൽ പരിക്കേറ്റ ശ്രീ. ടി. എൻ. പ്രതാപനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ചികിത്സയിൽ കഴിയുന്ന സന്ദർഭത്തിലും അദ്ദേഹം നിരാഹാര സത്യാഗ്രഹത്തിൽ ഇരിക്കുകയാണ്. ആ പ്രദേശത്ത് ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തകർ ഇന്നലെ രാത്രി

മുതൽ ഉപവാസം ആരംഭിച്ചിരിക്കുകയാണ്. ഇന്ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലം ഹർത്താൽ ആചരിച്ചുകൊണ്ട് ജനങ്ങൾ മുഴുവൻ ഇതിൽ പ്രതിഷേധിക്കുകയാണ്. ഒരു സഭാംഗത്തിന് സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിൽ ആക്രമത്തിന് ഇരയാകുന്നത് അത്യന്തം ഖേദകരമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ നാടിന് ഒട്ടും ഭൂഷണമല്ല. ഇക്കാര്യത്തിൽ കുറ്റവാളികളായ ആളുകളെ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരു സഭാംഗത്തിനുണ്ടായ വിഷമം ചീഫ് വിപ്പ് എന്ന നിലയിൽ ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :സർ, ഇന്നലെ വളരെ ദൗർഭാഗ്യകരമായ സംഭവമാണ് ഇരിങ്ങാലക്കുടയിലും കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറയിലും ഉണ്ടായത്. സ്വാഭാവികമായും ഒരു രാഷ്ട്രീയ പാർട്ടി പ്രതിഷേധം രേഖപ്പെടുത്തുന്നതിൽ യാതൊരു തെറ്റുമില്ല. ജനാധിപത്യത്തിൽ പ്രതിഷേധം അതിന്റെ ഭാഗമാണ്. ഇന്നലെ മുഖ്യമന്ത്രിക്കുനേരെ നടന്നത് വളരെ ഹീനമായ ഒരുതരം ബലപ്രയോഗം തന്നെയായിരുന്നു. പോലീസ് വളരെ സംയമനം

പാലിച്ചതുകൊണ്ടാണ് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഇന്നലെ ഉണ്ടാകാതിരുന്നത്. കൊടുങ്ങല്ലൂരിലെ പുത്തൻചിറയിൽ ഇന്നലെ ബഹുമാനപ്പെട്ട ഈ സഭയിലെ അംഗമായ ശ്രീ. ടി. എൻ. പ്രതാപൻ പരിപാടി കഴിഞ്ഞ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പോയി കഴിഞ്ഞതിനുശേഷം സ്വന്തം കാറിൽ മടങ്ങുന്ന സമയത്താണ് അദ്ദേഹത്തെ തടഞ്ഞുനിർത്തി കാറിൽ നിന്ന് വലിച്ചിടാൻ ശ്രമിക്കുകയും അദ്ദേഹത്തിന്റെ വാഹനം ഒരുകൂട്ടം ആളുകൾ അടിച്ചുതകർക്കുകയും ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ കൈയ്ക്ക് പരിക്കേറ്റിട്ടുണ്ട്. ഇന്നലെ തന്നെ ഞാൻ അദ്ദേഹവുമായി സംസാരിച്ചിരുന്നു. അവിടെ ഇന്ന് യു.ഡി.എഫ്. പ്രവർത്തകർ ഹർത്താലാചരിക്കുകയാണ്. മാത്രമല്ല ആ സംഭവത്തിൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും കടുത്ത പ്രതിഷേധമാണുള്ളത്. ഇതിന് ഉത്തരവാദികളായ ആളുകളുടെ പേരിൽ നടപടികൾ പോലീസ് സ്വീകരിച്ചുവരികയാണ്. അറിയാവുന്ന പ്രതികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. മറ്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. ഒരു ജനപ്രതിനിധിക്കുനേരെ ഇന്നലെയുണ്ടായ കയ്യേറ്റവും വാഹനം തകർത്ത നടപടിയും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അംഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥനായ ബഹുമാനപ്പെട്ട ചീഫ് വിപ്പ്

ഉന്നയിച്ച കാര്യം ഗവൺമെന്റ് ഗൗരവത്തോടെ എടുക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രതികളെ പോലീസ് കസ്റ്റഡിയിൽ എടുക്കുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ, ഉപവാസ സമരം അവസാനിപ്പിക്കണമെന്നാണ് എനിക്ക് സഭയിലൂടെ അഭ്യർത്ഥിക്കാനുള്ളത്. പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ ഇക്കാര്യത്തിലുണ്ടാകുമെന്ന് അറിയിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.